**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 166** **29-07-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബിക്കുള്ള സർക്കാർ ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. സജീവ് ജോസഫ് | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാരിൽ നിന്നും കിഫ്ബിക്ക് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ട് എന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ; | (എ) | കിഫ്ബി പുനസംഘടിപ്പിക്കപ്പെട്ടതിനോടനുബന്ധിച്ച് കോർപ്പസായി കൈമാറിയ 2498.4 കോടി രൂപയ്ക്കു പുറമേ 2016-17 സാമ്പത്തികവർഷം മുതൽ മോട്ടോർവാഹനനികുതിയുടെ ഒരു നിശ്ചിത ശതമാനവും പെട്രോൾ/ഡീസൽ സെസും കിഫ്ബിക്ക് കൈമാറുന്നുണ്ട്. 2021 ജൂൺ 30 വരെ സർക്കാരിൽ നിന്ന് ലഭ്യമാക്കിയ തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിർദ്ദിഷ്ട കാലയളവിൽ കിഫ്ബിയ്ക്ക് ഗ്രാന്റ് ആയി ലഭിക്കുന്ന തുകയും തിരിച്ചടവ് ബാധ്യതയും സന്തുലിതമായിരിക്കുമെന്ന് കിഫ്ബി ഉറപ്പുവരുത്തുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ 5 വർഷ കാലയളവിൽ കിഫ്ബി 63259 കോടി രൂപ ചെലവ് വരുന്ന പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇവയെല്ലാം തന്നെ സ്ഥലമേറ്റെടുപ്പ്, ടെണ്ടറിങ്, നിർമ്മാണം എന്നിങ്ങനെ പദ്ധതി നിർഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ചില പദ്ധതികൾ പൂർത്തിയാക്കിയിട്ടുമുണ്ട്. പദ്ധതികൾക്ക് വേണ്ടിവരുന്ന തുക എല്ലാം മുൻകൂട്ടി സമാഹരിച്ച് വയ്ക്കുന്ന രീതിയല്ല കിഫ്ബി അവലംബിച്ചിരിക്കുന്നത്. 'കൺട്രോൾഡ് ലെവറേജിങ്' മാതൃകയിൽ പദ്ധതികൾക്കുള്ള ബിൽ വരുന്നമുറക്ക് അവയ്ക്ക് പണം നൽകുന്നതിനു ആവശ്യമായ രീതിയിലാണ് കിഫ്ബി ധനസമാഹാരണം നടത്തുന്നത്. ഇത്തരത്തിൽ 6 മാസം കാലയളവിലേക്കുള്ള ബില്ലുകൾ കൊടുക്കുന്നതിന് ആവശ്യമായ ബഫർ തുക കിഫ്ബി ഉറപ്പുവരുത്തുന്നുണ്ട്. കിഫ്ബി തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഒരു അസറ്റ്-ലയബിലിറ്റി മാനേജ്മെന്റ് സോഫ്റ്റ് വെയറാണ് (ALM Software) ഇതിനു സഹായിക്കുന്നത്. കിഫ്ബിയ്ക്ക് ഗ്രാന്റായി ലഭിക്കുന്ന തുകയും തിരിച്ചടവ് ബാധ്യതയും ശാസ്ത്രീയമായി വിലയിരുത്തി ഉചിതമായ ധനസമാഹരണ രീതി നിർദ്ദേശിക്കുന്നതിന് കെല്പുള്ളതാണ് ഈ സംവിധാനം. ഇങ്ങനെ ചെയ്യുന്നതുവഴി അനാവശ്യമായി കടമെടുത്ത് |

| | | | |
|---|---|---|---|
| | | | പലിശകൊടുക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ സാധിക്കുന്നതിനും, വരുമാനവും തിരിച്ചടവ് ബാധ്യതയും സന്തുലിതമായി കൊണ്ടുപോകുന്നതിനും സഹായിക്കും. |
| (സി) | കിഫ്ബി പദ്ധതികൾക്ക് അനുമതി നൽകുമ്പോൾ തിരിച്ചടവ് ബാധ്യത വിലയിരുത്താറുണ്ടോ; വിശദമാക്കുമോ? | (സി) | നാളിതുവരെ കിഫ്ബി അനുമതി നല്കിയ പദ്ധതികളിൽ വരുമാന ദായകമായ പദ്ധതികളും നേരിട്ട് വരുമാനം ലഭിക്കാ ന്സാനധ്യതയില്ലാത്ത സാമൂഹ്യ-സേവനമേഖയിലെ അവശ്യ പദ്ധതികളും ഉള്പ്പെ ടുന്നു. പദ്ധതികൾ വിശദ പരിശോധനക്ക് വിധേയമാക്കുന്ന സമയത്ത് അവയിൽ നിന്നുള്ള വരുമാന സാധ്യതകളെല്ലാം ഉള്ക്കൊിള്ളിക്കുന്നതിനും, പദ്ധതിയെ മികച്ച രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനും പ്രാധാന്യം നല്കുന്നു. പദ്ധതികൾക്കുള്ള തുക വായ്പയായി അനുവദിക്കുമ്പോൾ തിരിച്ചടവ് ബാധ്യത വിലയിരുത്തുകയും സർക്കാരിന് ബാധ്യതയാകാത്ത വിധം കൃത്യമായ തിരിച്ചടവ് ഉറപ്പുവരുത്തിയുമാണ് നിലവിൽ ഓരോ പദ്ധതിയും കിഫ്ബി അംഗീകരിക്കുന്നത്. ഇതിന് കിഫ്ബി നൂതനമായ സങ്കേതങ്ങളും അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട പ്രവചന മാതൃകകളും അവലംബിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കോർപ്പസ് ഫണ്ട്**

| വർഷം | തുക(കോടിയിൽ) |
|---|---|
| 2015-16 | 873.8552778 |
| 2016-17 | 1624.567497 |
| ആകെ | 2498.422774 |

**മോട്ടോർവാഹനനികുതിയുടെയും പെട്രോളിയം സെസിൻറെയും വിഹിതം.**

| | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021APRIL TO 30th JUNE | ആകെ |
|---|---|---|---|---|---|---|---|
| മോട്ടോർവാഹനനികുതിയുടെ വിഹിതം. | 281.43 | 621.45 | 1098.86 | 1650 | 1633.855 | 576.88 | 5862.48 |
| പെട്രോളിയം സെസിന്റെ വിഹിതം | 448.1 | 421.19 | 501.82 | 550 | 539 | 213.61 | 2673.71 |
| ആകെ | 729.53 | 1042.64 | 1600.68 | 2200 | 2172.855 | 790.49 | 8536.19 |

സെക്ഷൻ ഓഫീസർ